ജീർണ്ണോദ്ധാരണം: ഗുരുവായൂർ നിന്ന് 32,000 ക. സഹായം

കോഴിക്കോട്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ 16 ക്ഷേത്രങ്ങൾ ജീർണ്ണോദ്ധാരണം നടത്തുന്നതിന്നായി ഗുരുവായൂർ ദേവസ്വത്തിൽ നിന്ന് 32500 ക. സഹായം നൽകാൻ ദേവസ്വം മാനേജിങ് കമ്മിറ്റി തീരുമാനിച്ചു.

കണ്ണൂർജില്ലയിലെ നീടുമ്പ്രംകൊട്ടാരക്കോത്ത് ശ്രീവേട്ടയ്ക്കൊരു മകൻ ക്ഷേത്രം, പെരിയാട്ട് വിഷ്ണു ക്ഷേത്രം, ചെറുകുന്ന് പാലോമേശ്വരി ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ കൂത്താളി കുമ്മാത്ത് വിഷ്ണു ക്ഷേത്രം, ചെറുപ്പുളശ്ശേരിക്കാട്ടിൽ ഭഗവതി ക്ഷേത്രം, ചാലപ്പുറം ശ്രീകൃഷ്ണക്ഷേത്രം, പറമ്പിൽ വിഷ്ണു ക്ഷേത്രം, നന്മണ്ട പന്ന്യംവെള്ളിയാരിയം മഠം ക്ഷേത്രം, നടമ്മൽ ഭഗവതി ക്ഷേത്രം, ആനക്കളങ്ങര ഭഗവതി ക്ഷേത്രം, തൊടിയിൽ ഭഗവതി ക്ഷേത്രം, രാമനാട്ടുകര പരിഹാരപുരം, സുബ്രഹ്മണ്യ ക്ഷേത്രം, നെല്ലൂളി തൃക്കോവിൽ ശിവക്ഷേത്രം, എരവന്നൂർ വിഷ്ണുക്ഷേത്രം, വയനാട് ജില്ലയിലെ എടവക തൃപ്പോര വിഷ്ണു ക്ഷേത്രം, തലപ്പുഴ വിഷ്ണു ക്ഷേത്രം എന്നിവയുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്കാണ് സഹായം നൽകുന്നതെന്ന് മാനേജിങ് കമ്മിറ്റി അംഗമായ കെ. ഗോപാലൻ പറഞ്ഞു.



വനനശീകരണത്തിനെതിരെ ജനമനസ്സാക്ഷി ഉണരുന്നു. സർവ്വജന ഹൈസ്ക്കൂളിൽ നടന്ന ചർച്ചായോഗം.

തൊഴിലാളിയായി കണക്കാക്കാൻ വിധി

കൊച്ചി: കെൽട്രോണിലെ സീനിയർ അസിസ്റ്റൻറ് തസ്തികയിൽ ജോലിയെടുക്കുന്ന ആൾ 'തൊഴിലാളി'യുടെ നിർവ്വചനത്തിൽ ഉൾപ്പെടുമെന്ന് ഹൈക്കോടതി വിധിച്ചു.

കെൽട്രോൺ കല്യാശ്ശേരി യൂനിറ്റിലെ സീനിയർ അസിസ്റ്റൻറ് ആയ എ. കെ. ജനാർദ്ദനൻ തൊഴിലാളിയാണെന്ന കോഴിക്കോട് ലേബർ കോടതി വിധിയാണ് ഹൈക്കോടതി ശരിവെച്ചത്. കീഴ്ക്കോടതി വിധിക്കെതിരെ കെൽട്രോൺ നൽകിയ ഹരജി തള്ളിക്കൊണ്ടാണ് ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോൻെറ വിധി. തന്നെ പിരിച്ചുവിട്ടതിന്നെതിരെ ജനാർദ്ദനൻ നൽകിയ ഹരജി ഇപ്പോൾ ലേബർ കോടതിയിൽ പരിഗണനയിലിരിക്കുകയാണ്. തൊഴിലാളി അല്ലാത്തതിനാൽ തൊഴിൽ തർക്കം ഉന്നയിക്കാവുന്നതല്ലെന്നായിരുന്നു കെൽട്രോൺ കീഴ്ക്കോടതിയിൽ ഉന്നയിച്ചിരുന്നത്. ഈ വാദമാണ് നിരസിക്കപ്പെട്ടിരുന്നത്.

കുറ്റ്യാടിയിൽ മഴ

തളിക്കര: ജില്ലയുടെ കിഴക്കൻ മേഖലയായ കുറ്റ്യാടി, കാവിലുംപാറ തുടങ്ങിയ സ്ഥലങ്ങളിൽ തിങ്കളാഴ്ച രാത്രി കാൽ മണിക്കൂർ നേരം സമാന്യനല്ല മഴ പെയ്തു.

കിണറിൽ മണ്ണെണ്ണയുറവും!

നന്മണ്ട: കുടിവെള്ളത്തിന്നു വേണ്ടി കിണർ ഒന്നുകൂടി ചിളിവാരി കഴിച്ചപ്പോൾ ഒരു വീട്ടു കിണറിൽ മണ്ണെണ്ണയുടെ രൂക്ഷഗന്ധമുള്ള ഉറവ് പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ഒരു ചെറിയ പലചരക്കു വ്യാപാരിയായ പുറമേരിക്കണ്ടി കുഞ്ഞിരാമൻനായരുടെ പടവലം-നന്മണ്ട റോഡിൽ കുളിപ്പായിൽ വീട്ടുവളപ്പിലെ കിണറിലാണ് മണ്ണെണ്ണയുടെ മണവും ചുവയുമുള്ള ഈ നീരുറവ കാണപ്പെട്ടത്. സമീപം ഏഴര മീറ്ററ് താഴ്ചയുള്ള വീട്ടുമുറ്റത്തെ കിണറിൽനിന്നാണ് വീട്ടാവശ്യത്തിന്നുള്ള വെള്ളം മിനിഞ്ഞാന്നുവരെ എടുത്തുപോന്നത്. വെള്ളം കുറഞ്ഞപ്പോൾ കിണർ വൃത്തിയാക്കി കുറഞ്ഞാന്നു വെട്ടി ആഴം വെപ്പിക്കാൻ ശ്രമിക്കുന്നതിനിടക്ക് മുലിവേലക്കാരാണ് നിലയും ചുവപ്പും നിറമുള്ള ഈ നീരുറവയും മണ്ണെണ്ണ മണവും കണ്ടറിഞ്ഞത്.

ചേടിക്കല്ലുകളുള്ള വെട്ടുപാറക്കിണറിൽനിന്ന് അല്പം കൊഴുപ്പുള്ള വെള്ളം കിനിഞ്ഞുകൊണ്ടിരിക്കയാണ്. കിണറിലിറങ്ങിയപ്പോൾ മണ്ണെണ്ണയുടെ രൂക്ഷഗന്ധം അനുഭവപ്പെടുന്നതായി ചിലർ പറഞ്ഞു.

കുടിവെള്ളത്തിന്നു വേണ്ടി കുഞ്ഞിരാമൻനായർ ഇപ്പോൾ അയൽവക്കത്തെ കിണറിനെയാണ് ആശ്രയിക്കുന്നത്.

വന നശീകരണം: വയനാടിൻെറ മനസ്സാക്ഷി ഉണരുന്നു

കല്പറ്റ: വ്യാപകമായ വനനശീകരണവും പേടിപ്പെടുത്തുന്ന കാലാവസ്ഥാമാറ്റവും വയനാടൻ ജനതയുടെ മനസാക്ഷി ഉണർത്താൻ കാരണമായി. അതിൻെറ പ്രകടമായ തെളിവായിരുന്നു സുൽത്താൻബത്തേരി സർവ്വജന ഹൈസ്കൂളിനു മുന്നിലെ ഒരു മരച്ചുവട്ടിൽ തിങ്കളാഴ്ച വൈകുന്നേരം നടന്ന ഒരു ചർച്ചായോഗം.

ആരും ആരേയും ക്ഷണിച്ചിരുന്നില്ല. പത്രത്തിൽ യോഗം വിളിച്ചതറിഞ്ഞാണ് അൻപത്തി അഞ്ചോളം പേർ മരച്ചുവട്ടിൽ എത്തിയത്. അഭിഭാഷകർ, ഡോക്ടർമാർ, ബാങ്ക് ജീവനക്കാർ, തൊഴിലാളികൾ, സാമൂഹ്യ സാംസ്കാരികരംഗങ്ങളിൽപ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം അണ്ണൂട്ടത്തിലുണ്ടായിരുന്നു.

വയനാടൻ കാടുകൾ നേരിടുന്ന സർവ്വനാശത്തെക്കുറിച്ച് അവർ ചർച്ച ചെയ്തു. ചർച്ചയുടെ അവസാനം വയനാട് പ്രകൃതിസംരക്ഷണസമിതിയെന്ന പേരിൽ ഒരു സംഘടനയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. ബത്തേരി ബാറിലെ അഡ്വ. സി.സി. മാത്യുവാണ് സമിതിയുടെ കൺവീനർ. സമിതി വനസംരക്ഷണത്തിനു വേണ്ടി ചില അടിയന്തരആവശ്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

കാടുകളിൽ ജ്വിയർ ഫെല്ലിങ്, സെലക്ഷൻ ഫെല്ലിങ് അടക്കം എല്ലാ ഓപ്പറേഷനുകളും എന്നന്നേക്കുമായി നിറുത്തി വെയ്ക്കുക, കാടിൻെറ സർവ്വെ നടത്തി ഇനി എത്ര കാട് അവശേഷിക്കുന്നുണ്ടെന്നും എത്ര നശിച്ചെന്നും വ്യക്തമാക്കുക, യൂക്കാലിപ്റ്റസ്, തേക്ക് വെച്ചു പിടിപ്പിക്കുന്നതു തടയുക, പ്ലാൻറ് ചെയ്ത യൂക്കാലിപ്സ് നശിപ്പിച്ച് പകരം മററു വൃക്ഷങ്ങൾ നടുക, വനസംരക്ഷണസേന രൂപീകരിക്കുക, ശാസ്ത്രീയാടിസ്ഥാനത്തിൽ വനവത്കരണത്തിന് പ്രായോഗികപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയവയാണ് സമിതി ഉന്നയിക്കുന്ന ആവശ്യങ്ങൾ.

വനസംരക്ഷണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനും വിപുലമായ സെമിനാറുകൾ സംഘടിപ്പിക്കാനും, പ്രകടനങ്ങളും പൊതുയോഗങ്ങളും എന്നിവ സംഘടിപ്പിക്കാനും പ്രകൃതിസംരക്ഷണസമിതിക്കു പരിപാടിയുണ്ട്.

അഡ്വ. സി.സി. മാത്യു അദ്ധ്യക്ഷത വഹിച്ചു. പി.കെ. കേശവൻ, പി. സി. മോഹനൻ മാസ്റ്റർ, എം. ബി. ഷ, എൻ.എം. ജോസ്, എം. പി. ദേവരുകമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

സുദർശൻചിററ്സ്: വെങ്കിട്ടരാമൻ ചാർജെടുത്തു

കൊച്ചി: ഹൈക്കോടതി വിധിയെ തുടർന്ന് സുദർശൻ ചിററ്സിൻെറ അഡീഷണൽ ഡയറക്ടറായി കെ. എസ്. വെങ്കിട്ടരമൻ ഐ.സി.എസ് ചാർജെടുത്തു.

ചിററ്സിൻെറ കണക്കിൽ 50 ലക്ഷം ക. കുടി സുദർശൻ ട്രേഡിങ് കമ്പനി നിക്ഷേപിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് ഗഡുക്കളായി 60 ലക്ഷം ക. ട്രേഡിങ് കമ്പനി നിക്ഷേപിച്ചിരുന്നതാണ്.

മേയ് 10ാം തീയതിയോടെയെങ്കിലും പിട്ടി കമ്പനിയുടെ 44 ശാഖകളുടെ താക്കോൽ കൂടി തിരിച്ച് നൽകാൻ ഹൈക്കോടതി ലിക്വിഡേറ്റർക്ക് ഹൈ[illegible]

ചേവായൂർ പൊലീസ് പ്ലാക്കപ്പ് മുറിയിൽ മരിച്ച അജ്ഞാതൻെറ ശവം. ഇതിപ്പോൾ മെഡിക്കൽ കോളേജ് മോർച്ചറിയിൽ

ട്രെയിഡ് യൂനിയൻ പ്രവർത്തനം നിരുത്സാഹപ്പെടുത്തണ[illegible]

ന്യൂഡൽഹി: പൊലീസ്സേനയിൽ ട്രേഡ് യൂനിയൻ പ്രവർത്തനം നടത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണെന്ന് കേന്ദ്ര സംസ്ഥാനങ്ങൾക്ക് [illegible] ദ്ദേശം നൽകിയതായറിയുന്നു. [illegible] കഴിഞ്ഞ കാലത്ത് വിവിധ സംസ്ഥാനങ്ങളിൽ പൊലീസുകാർക്ക് സംഘടനയുണ്ടാക്കാൻ നൽകിയ സ്വാതന്ത്ര്യം, സ്വകരമായ ഫലങ്ങളല്ല [illegible] ക്കിയതെന്നും, അച്ചടക്കരാഹിത്യത്തിന് ഇത് കാരണമായിട്ടുണ്ടെന്നും [illegible] രും വിലയിരുത്തുന്നു. അച്ചടക്കവാര താഴ്ത്തലും, ഉന്നതോദ്യോഗസ്ഥന്മാരുടെ നിയന്ത്രണം [illegible] ത്താനും സംഘടനകൾ കാരണമാവുമെന്നും സംസ്ഥാന സർക്കാരുകൾ അഭിപ്രായമുണ്ട്.

പൊലീസ് സംഘടനകൾക്ക് [illegible] ഗീകാരം നൽകുമ്പോൾ ഉണ്ടാകാവുന്ന വസ്തുതകൾ ലഘിക്കപ്പെടുന്നതിനു [illegible] സംഘടനയുടെ അംഗീകാരം [illegible] മെന്ന് കേന്ദ്ര ആവശ്യപ്പെട്ടിട്ടുണ്ട്. സംഘടനകളുടെ എണ്ണം [illegible] പടികളെടുക്കണമെന്നതോടൊപ്പം [illegible] സ്കൂതരുടെ അവശതകൾ പറഞ്ഞ് [illegible] നള്ള സംവിധാനം [illegible] ഒഴിയുന്നതെന്നതാണ് [illegible]

ഏപ്രിൽ 21-നു ചർച്ച

തിരുവനന്തപുരം: ഇല. ബോർഡിലെ ചില തൊഴിലാളി യൂണിയനുകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ബന്ധപ്പെട്ട കക്ഷികളുടെ ഒരു അനൗപചാരിക സമ്മേളനം ഏപ്രിൽ 21ാം നു രാവിലെ പതിനൊന്നു മണിക്ക് തിരുവനന്തപുരം ലേബർ കമ്മീഷണറുടെ ഓഫീസിൽ കൂടുന്ന[illegible]

കാപ്പി കർഷകരെ ദ്രോഹിക്കുന്ന നടപടി അവസാനിപ്പിക്കണം

കല്പറ്റ: സ്റ്റാമ്പിൻെറ്റി പേമെൻറ കം കൃത്യമായി വിതരണം ചെയ്യാനിക്കൽ, കുറിങ്ങ് ചാർജ്ജിൻെറ അന്യായമായവർദ്ധന, കത്തിക്കൊടുക്കുന്ന കാപ്പിയിന്മേൽ അനാവശ്യമായി ഏർപ്പെടുത്തുന്ന ചാർജ്ജുകം തുടങ്ങിയ കർഷക ദ്രോഹ നടപടികം അവസാനിപ്പിക്കണമെന്ന് കേരള സംസ്ഥാന

വില്ലേജ് ജീവനക്കാർ ധർണ നടത്തി

കല്പറ്റ: കേരള സംസ്ഥാന വില്ലേജ് സ്റ്റാഫ് അസോസിയേഷൻെറ ആഹ്വാനമനുസരിച്ച് ജില്ലയിലെ വൈത്തിരി, മാനന്തവാടി, ബത്തേരി താലൂക്ക് ഓഫീസുകാർക്ക് മുന്നിൽ വില്ലേജ് ജീവനക്കാർ കൂട്ടധർണനടത്തി. വൈത്തിരിയിൽ താലൂക്ക് പ്രസിഡണ്ട് വി.പി. കൃഷ്ണദാസ് സിക്രട്ടറി ഇ. പി. കണ്ണിക്കണ്ണൻ എന്നിവർ നേതൃത്വം നൽകിയ ധർണ ജില്ലാ പ്രസിഡണ്ട് എ. പി. നാരായണൻനായർ ഉദ്ഘാടനം ചെയ്തു. ബത്തേരി താലൂക്ക് ഓഫീസിന് മുന്നിൽ നടന്ന ധർണ വില്ലേജ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം ഇ. ഗംഗാധരൻനായർ ഉദ്ഘാടനം ചെയ്തു. മാനന്തവാടി താലൂക്ക് ഓഫീസിൽനടന്ന ധർണ സംസ്ഥാന കമ്മിറ്റിയംഗം മാധവൻ നമ്പ്യാർഉദ്ഘാടനം ചെയ്തു.

വൈത്തിരി താലൂക്കിൽ വില്ലേജ് ജീവനക്കാർക്ക് യാത്രാ ബത്ത മുഴുവനം നൽകാത്തതു് സംബന്ധിച്ച് വൈത്തിരി താസിൽദാർക്ക് ജീവനക്കാർ മെമ്മോറാണ്ടം നൽകി. സർക്കാറുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകം നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രക്ഷോഭ പരിപാടികളുടെ ഭാഗമായിട്ടാണ് ധർണ നടത്തിയതു്.

യുവമോർച്ച പ്രചരണ ജാഥ തുടങ്ങി

കല്പറ്റ: ഭാരതീയ ജനതാ യുവമോർച്ച വയനാട് ജില്ലയിൽ നടത്തുന്ന കേരളാ ഡയാലിസ് പ്രചരണജാഥ അമ്പലവയലിൽ ആരംഭിച്ചു. ജാഥ ബി.ജെ.പി. സംസ്ഥാന സെക്രട്ടറി സി. കെ. പത്മനാഭൻ ഉദ്ഘാടനം ചെയ്തു. ടി. എ. രാജഗോപാൽ അദ്ധ്യക്ഷത വഹിച്ചു. ബി. ജെ.പി. ജില്ലാ സെക്രട്ടറി സി. അരവിന്ദാക്ഷൻ പി. കെ.മാധവൻ യുവമോർച്ചാ ജില്ലാ പ്രസിഡണ്ട് വി. കെ. കേശവദാസ് എൻ. വെള്ളൻ എം. സി. മോഹനൻ തുടങ്ങിയവർ പ്രസംഗിച്ചു. ജാഥ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന സ്വീകരണ യോഗങ്ങൾക്കു ശേഷം 20-ാംനു സമാപിക്കും. ജില്ലാ പ്രസിഡണ്ട് വി. കേശവദാസ് നയിക്കുന്ന പ്രചരണജാഥയ്ക്ക് വടവൻചാൽ മേപ്പാടി ചുണ്ടേൽ വൈത്തിരി പൊഴുതന, തരിയോട് പടിഞ്ഞാറത്തറ മുട്ടിൽ കല്പറ്റ എന്നിവിടങ്ങളിൽ സ്വീകരണം ലഭിച്ചു.

പാത്തുമ്മയും കുട്ടിയും അജ്മീറിൽ?

പൊന്നാനി: വെളിയങ്കോട്ട്നിന്നു കാണാതായ പാത്തുമ്മയും മൂന്ന് മാസം പ്രായമായ കുട്ടിയും അജ്മീറിലുണ്ടെന്ന് സൂചന ലഭിച്ചതായി അറിയുന്നു. ഭൂതലത്തിൽ വിവരം അറിയുന്നതിനായി വെളിയങ്കോട്ടുനിന്ന് ചിലർ അജ്മീറിലേക്ക് പുറപ്പെട്ടിട്ടുണ്ട്.

ഹജ്ജ് യാത്ര: ഓരോ സ്റ്റേറ്റിലും വെവ്വേറെ നറുക്കെടുപ്പ്

കൊച്ചി: വരുന്ന ഹജ്ജ് തീർത്ഥാടനത്തിന് ഓരോ സംസ്ഥാനത്തും പ്രത്യേകം നറുക്കെടുപ്പ് നടത്തി ആളുകളെ തിരഞ്ഞെടുക്കുമെന്ന് വിദേശകാര്യ സ്റ്റേറ്റ് മന്ത്രി എ.എ. റഹീം ഇവിടെ പത്രക്കാരോട് പറഞ്ഞു.

രാജ്യത്തെ എല്ലാ അപേക്ഷകർക്കുമായി ബോംബേയിൽ വെച്ച് മാത്രം നറുക്കെടുപ്പ് നടത്തുന്ന ഇപ്പോഴത്തെ സമ്പ്രദായം ഉപേക്ഷിക്കാൻ തീരുമാനിച്ചിരിക്കയാണ്. ഇക്കൊല്ലം ബോംബേക്ക് പുറമെ ഡൽഹിയിൽ നിന്നും ഹജ്ജ് യാത്രക്കാർക്കായി വിമാന സർവീസ് ഏർപ്പെടുത്തും.

ഇക്കൊല്ലം 21000പേർ തീർത്ഥാടനം നടത്തുമെന്നാണ് മന്ത്രിയുടെ പ്രതീക്ഷ. കഴിഞ്ഞ തവണ 1500കേരളീയർ തീർത്ഥാടനം നടത്തി.

ക്ഷേത്രക്കുളം നന്നാക്കുന്നു

പൂൽപ്പള്ളി: വളരെക്കാലമായി മണ്ണും ചളിയും നിറഞ്ഞു വററി വരണ്ട കിടക്കുകയായിരുന്ന പൂൽപ്പള്ളി സീതാദേവി ക്ഷേത്രക്കുളത്തിൻെറ പുനരുദ്ധാരണ പ്രവർത്തനത്തിൻെറ ഉൽഘാടനം മലബാർ ക്ഷേത്രസംരക്ഷണ സമിതി പ്രസിഡണ്ട് കെ. ജി. മാധവൻ നായർ നിർവ്വഹിച്ചു. ഇതോടനുബന്ധിച്ച് ചേർന്ന യോഗത്തിൽ പൂൽപ്പള്ളി ക്ഷേത്രസംരക്ഷണസമിതി പ്രസിഡണ്ട് കെ. പി. പ്രഭാകര പണിക്കർ അദ്ധ്യക്ഷത വഹിച്ചു. കെ. രാഘവൻ മാസ്റ്റർ എം.എൽ.എ., ദേവസം മാനേജർ കപ്പത്തോട് രാഘവൻ നായർ, വിജയ ഹൈസ്കൂൾ ഹെഡ് മാസ്റ്റർ പി. കെ. കെ. നായർ, എൻ. തങ്കപ്പൻ മാസ്റ്റർ, കെ. ഭാമോദരൻ നമ്പ്യാർ, കെ.എൻ. അച്ചുതൻ പിള്ള, വി. എൻ. ഭരതൻ നായർ എന്നിവർ പ്രസംഗിച്ചു. പി. ഗോപാലൻ നായർ സ്വാഗതം പറഞ്ഞു.

കണ്ണൂരിൽ ഷിഫ്റ്റ് ബ്രേക്കിംഗ് യൂണിററ്

തിരുവനന്തപുരം: കണ്ണൂരിലെ അഴീക്കൽ ഒരു ഷിഫ്റ്റ് ബ്രേക്കിങ്ങ് യൂണിററ് തുടങ്ങാൻ സർക്കാർ അനുമതി നൽകിയിരിക്കുന്നു.

കേരളാ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറഡിൻെറ ആഭിമുഖ്യത്തിലാരംഭിക്കുന്ന ഈ യൂണിററിൻെറ മുതൽ മുടക്ക് 174ലക്ഷം.യാണ്.

വൈത്തിരി ടീം ജയിച്ചു

ചുണ്ടേൽ: ഫാദർ കുട്ടക്കച്ചിറ മെമ്മോറിയൽ ഫുട്ബാൾ ടൂർണ്ണമെൻറിൽ വൈത്തിരി ടൗൺ ടീം രണ്ടിനെതിരെ 4 ഗോളിന്ന് കാക്കവയൽ ടൗൺ ടീമിനെ തോല്പിച്ചു. ബുധനാഴ്ച എം. എസ്. പി. ടീം കൂട്ടമണിയ്ക്ക് ബ്ലൂ സ്റ്റാർ കന്നംപററയും തമ്മിൽ മത്സരിക്കും.

ഇന്നത്തെ സിനിമ

കൽപ്പറ്റ

വിജയ: തീരം തേടുന്ന തീര (കളർ) നസീർ, മമ്മൂട്ടി, അംബിക —3 കളി ജൈത്ര: സകലകലാവല്ലഭൻ (തമിഴ് കളർ) കമലഹാസൻ, അംബിക —3കളി അനന്തപത്മ: താളം തെററിയ താരാട്ട്—ലക്ഷ്മി, മേനക, രാജ്കുമാർ —4 കളി വൈത്തിരി—ജ്യോതിസ്: ഭോനക് (ഹിന്ദി സ്കോപ്പ്) മിഥുൻ മീനങ്ങാടി—ത്രിവേണി: എൻെറ മാഹാത്മ്യം പൂവണിഞ്ഞു—ശങ്കർ —3കളി ചുണ്ടേൽ—രോഷൻ: പട്ടണത്തിൽ ഭൂതം (കളർ) ജയശങ്കർ, കെ. ആർ. വിജയ

ഷട്ട്ൽ ടൂർണ്ണമെൻറ്: കോസ്മോസിന്നു ഇരട്ടവിജയം

കാവുമന്ദം: കഴിഞ്ഞ പത്തു ദിവസങ്ങളായി നടന്നു വരുന്ന വയനാട് ജില്ലാതല ഷട്ടിൽ ബാററ്മിൻറൺ ടൂർണ്ണമെൻറിൽ ഡബ്ൾസിലും സിംഗ്ൾസിലും കല്പറ്റ കോസ്മോ പൊളിറററ് ക്ലബ്ബ് ചാംപ്യന്മാരായി.

തിങ്കളാഴ്ച നടന്ന ഫൈനലിൽ ഡബ്ൾസിൽ അബ്രഹാം തോമസ് അബ്ദുദം ലത്തീഫ് എന്നിവരടങ്ങുന്ന കോസ്മോസ് ടീം ഏകപക്ഷീയമായ രണ്ടു് ഗെയ്മുകം നേടി. കെ. എസ്. കണ്ണൻ എൻ. എ. ബഷീർ എന്നിവരുടെ ബത്തേരി ടീമിനെ തോല്പിച്ച വിശാൽ മെമ്മോറിയൽ ട്രോഫി കരസ്ഥമാക്കി.

സിംഗ്ൾസിൽ അബ്രഹാം തോമസ് ഒന്നിനെതിരെ രണ്ടു് ഗെയ്മുകംക്ക് എൻ. എ. ബഷീറിനെ തോല്പിച്ച് ചാമ്പ്നി മെമ്മോറിയൽ ട്രോഫി കരസ്ഥമാക്കി.

കാവുമന്ദം ആനന്ദ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് സംഘടിപ്പിച്ച ടൂർണ്ണമെൻറിൻെറ ട്രോഫി വിതരണ ചടങ്ങിൽ ക്ലബ്ബ് പ്രസിഡണ്ട് സി. കെ. ശശിധരൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ. ശങ്കരക്കുറുപ്പ് ജില്ലാ മഹിളാ യൂണിയൻ പ്രസിഡണ്ട് മാലതി മേനോൻ എന്നിവർ വിജയികംക്ക് ട്രോഫി സമ്മാനിച്ചു. അബ്രഹാം പാററാറ, പി. രാഘവമേനോൻ സി. ടി. ഭാസ്കരൻ നായർ എം. കെ. പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഫാൽക്കൻസിനും തേനേരിയ്ക്കും ജയം

കല്പറ: ജിനചന്ദ്ര സ്മാരക ട്രോഫിയ്ക്ക് വേണ്ടിയുള്ള ജില്ലാ ഫുട്ബാൾ ലീഗ് മത്സരങ്ങളിൽ ചൊവ്വാഴ്ച നടന്ന കളിയിൽ വയനാട് ഫാൽക്കൻസ് കല്പറ എസ്. കെ. എം. ജെ. ഹൈസ്കൂം ടീമിനെ ഒന്നിനെതിരെ 5 ഗോളിന പരാജയപ്പെടുത്തി. രണ്ടാമത്തെ മത്സരത്തിൽ തേനേരി സിററിസൺസ് ക്ലബ്ബ് ഒന്നിനെതിരെ 2 ഗോളുകംക്ക് ഫാദർ കുട്ടക്കച്ചിറ മെമ്മോറിയൽ ക്ലബ്ബ് ചേലോട്ടിനെ പരാജയപ്പെടുത്തി. തിങ്കളാഴ്ച നടന്ന മത്സരത്തിൽ കവൈൻഡ് ഹീറോ മേപ്പാടി ഒന്നിനെതിരെ എട്ടു ഗോളിന ചെമ്പ്ര എസ്റ്റേററ് ടീമിനെ പരാജയപ്പെടുത്തിയിരുന്നു. മഴ കാരണം നിർത്തിവെച്ച പനമരം റാഫ്ററ് ടീമും പി. എൽ. സി. പെരിങ്കോടയും തമ്മിലുള്ള മത്സരം ഏപ്രിൽ 24—ാംനു ഞായറാഴ്ച കാലത്ത് 8—30നു് നടക്കും. ബുധനാഴ്ച നടക്കുന്ന മത്സരങ്ങളിൽ ബ്രദേഴ്സ് ക്ലബ്ബ് കല്പറ യംഗ്ഫാൽക്കൻസ് കല്പറയെ നേരിടും. രണ്ടാമത്തെ മത്സരത്തിൽ ചീരാൽ ജോളി ബ്രദേഴ്സ് നെല്ലിമുണ്ട എസ്റ്റേററ് ടീമിനെ നേരിടും.

എൻ. എഫ്. പി. ടി. ഇ. ഭാരവാഹികൾ

കല്പറ: എൻ. എഫ്. പി. ടി. ഇ. വയനാട് കേഡിനേററിങ്ങ് കമ്മിറ്റിയുടെ പുതിയ ഭാരവാഹികളായി കെ. ജി. മോഹനൻ (ചെയർമാൻ) കെ. ഇ. ബാലഗോപാൽ (വൈസ് ചെയർമാൻ) പി. ആർ. നാരായണൻ (കൺവീനർ) എം. സുധാകരൻ (ജോ. കൺവീനർ) എം. ശ്രീകുമാർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

കല്പറ്റ പോസ്റ്റ് ഓഫീസ് പരിസരത്തു ചേർന്ന വാർഷിക യോഗം സി. എ. രാജൻ ഉദ്ഘാടനം ചെയ്തു. പി. വി. രാഘവൻ അദ്ധ്യക്ഷത വഹിച്ചു. സർവ്വീസിൽനിന്നു് വിരമിച്ച പി. വി. രാഘവന് യോഗത്തിൽവെച്ച് യാത്രയയപ്പ് നൽകി. ടി. സത്യനാരായണൻ സ്വാഗതം പറഞ്ഞു.

ജീർണ്ണോദ്ധാരണം: ഗുരുവായൂർ നിന്ന് 32,000 ക. സഹായം

കോഴിക്കോട്: കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ 16 ക്ഷേത്രങ്ങം ജീർണ്ണോദ്ധാരണം നടത്തുന്നതിന്നായി ഗുരുവായൂർ ദേവസ്വത്തിൽ നിന്ന് 32500ക. സഹായം നൽകാൻ ദേവസ്വം മാനേജിങ്ങ് കമ്മിററി തീരുമാനിച്ചു.

കണ്ണൂർജില്ലയിലെ നിട്ടമ്പ്രംകൊട്ടാരക്കോത്ത് ശ്രീവേട്ടയ്ക്കൊരു മകൻ ക്ഷേത്രം, പെരിയാട്ട് വിഷ്ണു ക്ഷേത്രം, ചെറുകന്ന് സോമേശ്വരി ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ കൂത്താളി കുന്നോത്ത് വിഷ്ണു ക്ഷേത്രം, ചെറുപ്പ കുരിക്കാട്ടിൽ ഭഗവതി ക്ഷേത്രം, ചാലപ്പുറം ശ്രീകൃഷ്ണക്ഷേത്രം, പറമ്പിൽ വിഷ്ണു ക്ഷേത്രം, നന്മണ്ട പന്ന്യംവെള്ളിവാരിയം മഠം ക്ഷേത്രം, നടമ്മൽ ഭഗവതി ക്ഷേത്രം, ആനക്കുളങ്ങര ഭഗവതി ക്ഷേത്രം, തൊടിയിൽ ഭഗവതി ക്ഷേത്രം, രാമനാട്ടുകര പരിഹാരപുരം, സുബ്രഹ്മണ്യ ക്ഷേത്രം, നെല്ലൂളി തൃക്കോവിൽ ശിവക്ഷേത്രം, ഏരുവണ്ണൂർ വിഷ്ണുക്ഷേത്രം, വയനാട് ജില്ലയിലെ എടവക തൃപ്പോര വിഷ്ണു ക്ഷേത്രം തലപ്പുഴ വിഷ്ണു ക്ഷേത്രം എന്നിവയുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങംക്കാണ് സഹായം നൽകുന്നതെന്ന് മാനേജിങ്ങ് കമ്മിററി അംഗമായ കെ. ഗോപാലൻ പറഞ്ഞു.

കിണറിൽ മണ്ണെണ്ണയുറവും!

നന്മണ്ട: കടിവെള്ളത്തിന്നു വേണ്ടി കിണർ ഒന്നുകൂടി ചളിവാരി കഴിച്ചപ്പോം ഒരു വീട്ടു കിണറിൽ മണ്ണെണ്ണയുടെ രൂക്ഷഗന്ധമുള്ള ഉറവ് പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ഒരു ചെറിയ പലചരക്കു വ്യാപാരിയായ പുറമേരിക്കണ്ടി കുഞ്ഞിരാമൻനായരുടെ പടവലം—നന്മണ്ട റോഡിൽ കൂളിപ്പൊയിൽ വീട്ടുവളപ്പിലെ കിണറററിലാണ് മണ്ണെണ്ണയുടെ മണവും ചുവയുമുള്ള ഈ നീരുറവ കാണപ്പെട്ടതു്. സുമാർ ഏഴര മീററർ താഴ്ചയുള്ള വീട്ടുമുററത്തെ കിണററിൽനിന്നാണ് വീട്ടാവശ്യത്തിനുള്ള വെള്ളം മിനിഞ്ഞാന്നുവരെ എടുത്തുപോന്നതു്. വെള്ളം കറഞ്ഞപ്പോം കിണർ വൃത്തിയാക്കി കറഞ്ഞാന്ന വെട്ടി ആഴം വെപ്പിക്കാൻ ശ്രമിക്കുന്നതിനിടക്ക് കൂലിവേലക്കാരാണു് നീലയും ചുവപ്പും നിറമുള്ള ഈ നീരുറവയും മണ്ണെണ്ണ മണവും കണ്ടറിഞ്ഞതു്.

ചേടിക്കല്ലുകളുള്ള വെട്ടുപാറക്കിണറിൽനിന്നു് അല്പം കൊഴുപ്പുള്ള വെള്ളം കിനിഞ്ഞുകൊണ്ടിരിക്കയാണ്. കിണററിലിറങ്ങിയപ്പോം മണ്ണെണ്ണയുടെ തലചുററിക്കുന്ന രൂക്ഷഗന്ധം അനുഭവപ്പെട്ടുന്നതായി ചിലർ പറഞ്ഞു.

കടിവെള്ളത്തിന്നു വേണ്ടി കുഞ്ഞിരാമൻനായർ ഇപ്പോം ആശ്രയിക്കുന്നതു് കിണററിനെയാണ് ആശ്രയിക്കുന്നതു്.

ഏപ്രിൽ 21-നു ചർച്ച

തിരുവനന്തപുരം: ഇല. ബോർഡിലെ ചില തൊഴിലാളി യൂണിയനുകം ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ബന്ധപ്പെട്ട കക്ഷികളുടെ ഒരു അനുരഞ്ജന സമ്മേളനം ഏപ്രിൽ 21ംനു രാവിലെ പതിനൊന്നു് മണിക്ക് തിരുവനന്തപുരം ലേബർ കമ്മീഷണറുടെ ഓഫീസിൽ കൂടുന്നുണ്ട്.



വന നശീകരണത്തിനെതിരെ ജനമനസ്സാക്ഷി ഉണരുന്നു. സർവ്വജന ഹൈസ്ക്കൂളിൽ നടന്ന ചർച്ചായോഗം.

വന നശീകരണം: വയനാടിൻെറ മനസ്സാക്ഷി ഉണരുന്നു

കല്പറ: വ്യാപകമായ വനനശീകരണവും പേടിപ്പെടുത്തുന്ന കാലാവസ്ഥാ മാററവും വയനാടൻ ജനതയുടെ മനസാക്ഷി ഉണർത്താൻ കാരണമായി. അതിൻെറ പ്രകടമായ തെളിവായിരുന്നു സുൽത്താൻബത്തേരി സർവ്വജന ഹൈസ്കൂളിന്നു മുന്നിലെ ഒരു മരച്ചുവട്ടിൽ തിങ്കളാഴ്ച വൈകുന്നേരം നടന്ന ഒരു ചർച്ചായോഗം.

ആരും ആരേയും ക്ഷണിച്ചിരുന്നില്ല. പത്രത്തിൽ യോഗം വിളിച്ചതറിഞ്ഞാണ് അൻപത്തി അഞ്ചോളം പേർ മരച്ചുവട്ടിൽ എത്തിയത്. അഭിഭാഷകർ, ഡോക്ടർമാർ, ബാങ്ക് ജീവനക്കാർ, തൊഴിലാളികം, സാമൂഹ്യ സാംസ്കാരികരംഗങ്ങളിൽപ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം അള്ളടത്തിലുണ്ടായിരുന്നു.

വയനാടൻ കാടുകം നേരിടുന്ന സർവ്വനാശത്തെക്കുറിച്ച് അവർ ചർച്ച ചെയ്തു. ചർച്ചയുടെ അവസാനം വയനാട് പ്രകൃതിസംരക്ഷണസമിതിയെന്ന പേരിൽ ഒരു സംഘടനയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു. ബത്തേരി ബാറിലെ അഡ്വ. സി.സി. മാത്യുവാണ് സമിതിയുടെ കൺവീനർ. സമിതി വനസംരക്ഷണത്തിനു വേണ്ടി ചില അടിയന്തരആവശ്യങ്ങം പ്രഖ്യാപിച്ചിട്ടുണ്ട്.

കാടുകളിൽ ക്ലിയർ ഫെല്ലിങ്ങ്, സെലക്ഷൻ ഫെല്ലിങ്ങ് അടക്കം എല്ലാ ഓപ്പറേഷനകളും എന്നന്നേയ്ക്കുമായി നിറുത്തി വെയ്ക്കുക, കാടിൻെറ സർവ്വെ നടത്തി ഇനി എത്ര കാട് അവശേഷിക്കുന്നുണ്ടെന്നും എത്ര നശിച്ചെന്നും വ്യക്തമാക്കുക, യൂക്കാലിപ്ററസും തേക്കും വെച്ചു പിടിപ്പിക്കുന്നതു തടയുക, പ്ലാൻറ് ചെയ്ത യൂക്കാലിപ്സ് നശിപ്പിച്ച് പകരം മററു വൃക്ഷങ്ങം നടുക, വനസംരക്ഷണസേന രൂപീകരിക്കുക, ശാസ്ത്രീയാടിസ്ഥാനത്തിൽ വനവൽക്കരണത്തിന് പ്രായോഗികപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയവയാണ് സമിതി ഉന്നയിക്കുന്ന ആവശ്യങ്ങം.

വനസംരക്ഷണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനും വിപുലമായ സെമിനാറുകം സംഘടിപ്പിക്കാനും, പ്രകടനങ്ങം, തെരുവുയോഗങ്ങം എന്നിവ സംഘടിപ്പിക്കാനും പ്രകൃതിസംരക്ഷണസമിതിക്ക് പരിപാടിയുണ്ട്.

അഡ്വ. സി.സി. മാത്യു അദ്ധ്യക്ഷത വഹിച്ചു. പി.കെ. കേശവൻ, പി. സി. മോഹനൻ മാസ്റ്റർ, എൻ. ബാദുഷ, എൻ.എം. ജോസ്, എം.പി. വീരേന്ദ്രകുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

ട്രെയിഡ് യൂനിയൻ പ്രവർത്തനം നിരുത്സാഹപ്പെടുത്തണം

ന്യൂഡൽഹി: പൊലീസ്സേനയിൽ ട്രെയിഡ് യൂനിയൻ പ്രവർത്തനം നടത്തുന്നതു് നിരുത്സാഹപ്പെടുത്താൻ കേന്ദ്രം സംസ്ഥാനങ്ങംക്ക് നിർദ്ദേശം നൽകിയതായറിയുന്നു.

കഴിഞ്ഞ കാലത്ത് വിവിധ സംസ്ഥാനങ്ങളിൽ പൊലീസുകാർക്ക് സംഘടനയുണ്ടാക്കാൻ നൽകിയ സ്വാതന്ത്ര്യം, സുഖകരമായ ഫലങ്ങളല്ല ഉളവാക്കിയതെന്നും, അച്ചടക്കരാഹിത്യത്തിന് ഇത് കാരണമായിട്ടുണ്ടെന്നും കേന്ദ്രം വിലയിരുത്തുന്നു. അച്ചടക്കനിലവാരം താഴ്ത്താനും, ഉന്നതോദ്യോഗസ്ഥന്മാരുടെ നിയന്ത്രണം നഷ്ടപ്പെടുത്താനും സംഘടനകം കാരണമായിട്ടുണ്ടെന്നു് സംസ്ഥാന സർക്കാറുകംക്കും അഭിപ്രായമുണ്ട്.

പൊലീസ് സംഘടനകംക്ക് അംഗീകാരം നൽകുമ്പോം ഉണ്ടാക്കിയ വ്യവസ്ഥകം ലംഘിക്കപ്പെട്ടാൽ ഉടനെ സംഘടനയുടെ അംഗീകാരം റദ്ദാക്കണമെന്നു് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. സംഘടനകളെ എണ്ണം കുറക്കാൻ നടപടികളെടുക്കണമെന്നോടൊപ്പം, പൊലീസുകാരുടെ അവശതകം പരിഹരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്നതാണ് കേന്ദ്രത്തിൻെറ [illegible]

തൊഴിലാളിയായി കണക്കാക്കാൻ വിധി

കൊച്ചി: കെൽട്രോണിലെ സീനിയർ അസിസ്റ്റൻറ് തസ്തികയിൽ ജോലിയെടുക്കുന്ന ആം 'തൊഴിലാളി' യുടെ നിർവ്വചനത്തിൽ ഉംപ്പെടുമെന്നു് ഹൈക്കോടതി വിധിച്ചു.

കെൽട്രോൺ കല്യാശ്ശേരി യൂനിററിലെ സീനിയർ അസിസ്റ്റൻറ്ആയ എ. കെ. ജനാർദ്ദനൻ തൊഴിലാളിയാണെന്ന കോഴിക്കോട് ലേബർ കോടതി വിധിയാണ് ഹൈക്കോടതി ശരിവെച്ചതു്. കീഴ്ക്കോടതി വിധിക്കെതിരെ കെൽട്രോൺ നൽകിയ ഹരജി തള്ളിക്കൊണ്ടാണ് ജസ്റ്റിസ് ടി.ചന്ദ്രശേഖര മേനോൻെറ വിധി.

തന്നെ പിരിച്ചുവിട്ടതിന്നെതിരെ ജനാർദ്ദനൻ നൽകിയ ഹരജി ഇപ്പോം ലേബർ കോടതിയിൽ പരിഗണനയിലിരിക്കുകയാണ്. തൊഴിലാളി അല്ലാത്തതിനാൽ തൊഴിൽ തർക്കം ഉന്നയിക്കാവുന്നതല്ലെന്നായിരുന്നു കെൽട്രോൺ കീഴ്ക്കോടതിയിൽ ഉന്നയിച്ചിരുന്നതു്. ഈ വാദമാണ് നിരസിക്കപ്പെട്ടിരുന്നതു്.

കുററ്യാടിയിൽ മഴ

തളിക്കര: ജില്ലയുടെ കിഴക്കൻ ഭാഗങ്ങളായ കുററ്യാടി, കാവിലും പാറ തുടങ്ങിയ സ്ഥലങ്ങളിൽ തിങ്കളാഴ്ച രാത്രി കാൽ മണിക്കൂർ നേരം സാമാന്യം നല്ല മഴ പെയ്തു.

സുദർശൻചിററ്സ്: വെങ്കിട്ടരാമൻ ചാർജ്ജെടുത്തു

കൊച്ചി: ഹൈക്കോടതി വിധിയെ തുടർന്ന് സുദർശൻ ചിററ്സിൻെറ അഡീഷണൽ ഡയരക്ടറായി കെ. എസ്. വെങ്കിട്ടരാമൻ ഐ.സി. എസ്. ചാർജ്ജെടുത്തു.

ചിററ്സിൻെറ കണക്കിൽ 50ലക്ഷംക. കൂടി സുദർശൻ ടേഡിങ്ങ് കമ്പനി നിക്ഷേപിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു് ഗഡുക്കളായി 60ലക്ഷം ക. ടേഡിങ്ങ് കമ്പനി നിക്ഷേപിച്ചിരുന്നതാണ്.

മേയ് 10ം തീയതിയോടെയെങ്കിലും ചിട്ടി കമ്പനിയുടെ 44ശാഖകളുടെ താക്കോൽ കൂടി തിരിച്ച് നൽകാൻ ഒഫീഷ്യൽ ലിക്വിഡേറേറക്ക് ഹൈക്കോടതി ഇപ്പോം നിർദ്ദേശം നൽകിയിട്ടുണ്ട്.

കുപ്പി ശാലയിലെ സബ്കോൺട്രാക്ടിൽ ക്രമക്കേടുകളുണ്ട്

കൊച്ചി: കുപ്പൽ ശാലയിലെ ചില ജോലികം സബ്ബ് കോൺട്രാക്ടു് കൊടുത്തതിൽ ക്രമക്കേടു് നടന്നിട്ടുണ്ടെന്നു് ഇതു് സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ കണ്ടുപിടിച്ചു.

തൊഴിലാളി യൂണിയനുകളാണ് ഇതുസംബന്ധിച്ച് മാനേജ്മെൻറിനോട് ആവശ്യപ്പെട്ടിരുന്നതു്.

കുപ്പൽശാല ജനറൽ മാനേജർ കെ.യു. കരിയപ്പയാണ് ഇതേ കുറിച്ചു അന്വേഷണം നടത്തിയതു്.

കുപ്പൽ ശാലാ ഡെപ്യൂട്ടി മാനേജർ (സ്റ്റോഴ്സ്) പെരേര, പ്ലാനിങ്ങ് മാനേജർ കമാണ്ടർ പാർത്ഥി എന്നിവർ സബ്ബ് കോൺട്രാക്ടു് ഇടപാടിൽ ക്രമക്കേടുകം നടത്തിയിട്ടുണ്ടെന്നാണ് അന്വേഷണ കമ്മീഷൻെറ നിഗമനം. ഇതേകുറിച്ച് ഇവരുടെ വിശദീകരണം അറിയാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

കോടതിജീവനക്കാർക്ക് ആനുകൂല്യങ്ങൾ

തലശ്ശേരി: കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ ഹൈക്കോടതിക്കും ഗവമ്മെണ്ടിനും കാലാകാലമായി സമർപ്പിച്ച നിവേദനത്തിൻെറ ഫലമായി ഒ. ആൻറ് എം റിപ്പോർട്ട് അംഗീകരിച്ചതായി ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി കെ. വി. അനന്തൻ നമ്പ്യാർ അറിയിച്ചു.

ഇതിൻെറ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ കോടതികളിലേയും ശിരസ്തദാർ തസ്തിക അഡ്മിനിസ്ട്രേറേറീവ് അസി. ഗ്രേഡിലും എല്ലാ സബ്ബ് കോടതികളിലേയും ശിരസ്തദാർ തസ്തിക സീനിയർ സൂപ്രണ്ടിൻറഗ്രേഡിലും ജില്ലാ കോടതികളിലെ ബെഞ്ചു്ക്ലാർക്കിൻെറ തസ്തിക ഹെഡ് ക്ലാർക്ക് ഗ്രേഡിലും ഉയർത്തിക്കൊണ്ടു് ഏപ്രിൽ 13നു് ഗവ: ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബെഞ്ചു് ക്ലാർക്കമാർക്ക് പ്രതിമാസം ഇരുപതു് ക. സ്പെഷ്യൽ പേ ആയും അനുവദിച്ചിട്ടുണ്ട്. ഏഴോ അതിൽ കൂടുതലോ കോപ്പിസ്റ്റ്, ടൈപ്പിസ്റ്റ്—കോപ്പിസ്റ്റ് തസ്തികകളുള്ള കോടതികളിൽ ഫെയർ കോപ്പിയിങ്ങ് സൂപ്രണ്ട് തസ്തിക തുല്യമായ ഒരു എക്സാമിനറുടെ പോസ്റ്റു് ഗവ: അനുവദിച്ചിട്ടുണ്ട്.

ജലനികുതി പിരിക്കരുത്

ചേളന്നൂർ: കേരളത്തിലെ എല്ലാ ഗ്രാമങ്ങളും വരംതോറും ബാധിത പ്രദേശമായി ഗവമ്മെണ്ടു് പ്രഖ്യാപിച്ചിരിക്കേ കനാൽ വെള്ളം കിട്ടാത്ത കൃഷി നിലങ്ങളിലെ ജല നികുതി പിരിക്കുന്നതു് ഉപേക്ഷിക്കണമെന്നു് കററ്യാടി ജല സേചന ഉപഭോക്ത സമാജം റവന്യൂ ഡിപ്പാർട്ടുമെൻറിനോടുപേക്ഷിച്ചു.

കനാൽ വെള്ളം കിട്ടാത്ത കക്കോടി മക്കട, വേങ്ങേരി, കണ്ണാടിക്കൽ, പാവങ്ങാട് എന്നീ സ്ഥലങ്ങളി